<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5464</u> <u>05-07-2024 - ൽ മറുപടിയ്ക്ക്</u>

<u>ജലഗതാഗത വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീമതി ദെലീമ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാന ജലഗതാഗത വകുപ്പ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. നിലവിൽ സാങ്കേതിക ശാസ്ത്രത്തിന്റെ മുന്നേറ്റത്തിന് അനുയോജ്യമായ രീതിയിലുള്ള ആധുനിക സ്റ്റീൽ/ഫൈബർ ബോട്ടുകൾ ഉപയോഗിച്ച് ജലഗതാഗത വകുപ്പ് സേവനം നടത്തി വരുന്നു. ജലഗതാഗതത്തിനു പ്രാധാന്യം നൽകികൊണ്ട് ജലഗതാഗത വകുപ്പ് വിവിധ തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കി. ജലഗതാഗത സംവിധാനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി പാസഞ്ചർ സർവീസുകൾക്ക് പുറമെ പാസഞ്ചർ -കം- ടൂറിസ്റ്റ് സർവ്വീസുകളും, റെസ്ക്യൂ ആന്റ് ഡൈവ് ബോട്ടുകൾ ഉപയോഗിച്ച് ആംബുലൻസ് സർവ്വീസുകളും, വാട്ടർ ടാക്സി സർവ്വീസുകളും നടത്തുന്നുണ്ട്.<br><br>**കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാന ജലഗതാഗത വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>1) പൊതുജനങ്ങൾക്ക് യാത്രാതടസ്സം ഉണ്ടാകാത്ത വിധത്തിൽ സർവ്വീസുകൾ മുടക്കം കൂടാതെ നടത്തുന്നതിന് ആലപ്പുഴ പോഞ്ഞിക്കരയിൽ സ്ലിപ് വേ, ഡ്രൈഡോക്ക് എന്നിവ നിർമ്മിച്ച് ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ കൃത്യമായി നടത്തി വരുന്നു.<br><br>2)നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിന്റെയും, പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിന്റെയും ഭാഗമായി **ഇന്ത്യയിൽ തന്നെ ആദ്യമായി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഒരു യാത്രാ ബോട്ട് "ആദിത്യ"** ജലഗതാഗത വകുപ്പിനു വേണ്ടി നിർമ്മാണം പൂർത്തിയാക്കി വൈക്കം-തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തി വരുന്നു. 2017-ൽ സർവ്വീസ് |

ആരംഭിച്ച ടി ബോട്ടിൽ 7 വർഷം തികഞ്ഞപ്പോൾ 21 ലക്ഷം യാത്രക്കാർ 60,000 കിലോ മീറ്റർ യാത്ര ചെയ്തിട്ടുണ്ട്. ഡീസൽ ബോട്ടുകൾ പ്രവർത്തനം നടത്തുകയാണെങ്കിൽ പുറന്തള്ളപ്പെടുന്ന 560 ടൺ കാർബൺഡൈഓക്സൈഡ് ഉന്മൂലനം ചെയ്യുവാൻ സോളാർ ബോട്ടിന്റെ പ്രവർത്തനം മൂലം സാധിക്കുകയുണ്ടായി. സാധാരണ ബോട്ടുകൾക്ക് ദിനംപ്രതി ഡീസൽ ഇനത്തിൽ 9,000/-രൂപ ചെലവ് വരുമ്പോൾ സോളാർ ബോട്ടിന് 500/-രൂപ മാത്രമേ ചെലവ് വരുന്നുള്ളൂ. 2020-ൽ ആദിത്യയ്ക്ക് ലോകത്തിലെ മികച്ച ഫെറികൾക്കുള്ള ഗസ്റ്റോവ് ട്രോവ് പുരസ്കാരം ലഭിക്കുകയുണ്ടായി.

3) പയ്യന്നൂർ മേഖല കേന്ദ്രീകരിച്ച് മാട്ടൂൽ-അഴീക്കൽ ഫെറി സർവ്വീസ് ആരംഭിക്കുകയും അത്യാധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നിലവിലുണ്ടായിരുന്ന സർവ്വീസ് ടൂറിസ്റ്റ് ഫ്രണ്ടിലി സർവ്വീസായി നടത്തി വരുന്നു.

4) ജലഗതാഗത വകുപ്പിന്റെ പ്രധാനപ്പെട്ട 5 സ്റ്റേഷനുകളിൽ റസ്ക്യൂ സർവ്വീസായും, ആംബുലൻസ് സർവ്വീസായും ഉപയോഗിക്കുവാൻ ഉതകുന്ന രീതിയിൽ ആധുനീക സജ്ജീകരണങ്ങളോടു കൂടിയ 5 റസ്ക്യൂ ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് 2018-ൽ പ്രവർത്തനം തുടങ്ങി. 2018-19-ലെ പ്രളയകാലത്ത് വെള്ളക്കെട്ടാൽ ചുറ്റപ്പെട്ട കുട്ടനാടൻ മേഖലകളിൽ നിന്നും രാത്രികാലങ്ങളിൽ ഉൾപ്പെടെ ഒറ്റപ്പെട്ടുപോയവരെ സുരക്ഷിത സ്ഥാനങ്ങളിൽ എത്തിക്കുവാൻ റെസ്ക്യൂ ബോട്ടുകൾക്ക് സാധിച്ചു. നിലവിൽ 24 മണിക്കൂറും പ്രവർത്തനസജ്ജമാണ്.

5) എല്ലാവിധ സുരക്ഷാ സജ്ജീകരണങ്ങളോടും കൂടിയ ഐ.ആർ.എസ്.ക്ലാസ്സിൽ നിർമ്മിച്ച 5 ബോട്ടുകൾ സർവീസിൽ ഉൾപ്പെടുത്തുകയും കൈനകരി സർക്കുലർ സർവ്വീസ് ആരംഭിക്കുകയും ചെയ്തു.

6) ആലപ്പുഴ ജില്ലയിലെ കനാലുകളുടെ സൗന്ദര്യം ആസ്വദിച്ചു കൊണ്ട് പാതിരാമണൽ ദ്വീപ്, കുമരകം എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും കുറഞ്ഞ ചെലവിൽ സുരക്ഷിത യാത്ര ഒരുക്കുക എന്ന ഉദ്ദേശത്തോടെയും, ആലപ്പുഴ-കുമരകം റൂട്ടിൽ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു കാറ്റമറൈൻ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ട് നിർമ്മാണം പൂർത്തിയാക്കി 08/03/2020-ൽ ഉദ്ഘാടനം നടത്തി.

7) പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്പെടുന്ന രീതിയിൽ ഇന്ത്യയിലെ തന്നെ ആദ്യ സംരംഭമെന്ന നിലയിൽ 4 വാട്ടർ ടാക്സി നിർമ്മാണം

| | | | |
|---|---|---|---|
| | | | ആരംഭിക്കുകയും, ഇവയിൽ 2 ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ച സർവീസിൽ ഉൾപ്പെടുത്തുകയും ചെയ്തു.<br><br>8) കാലപ്പഴക്കം ചെന്ന ബോട്ടുകൾ സർവീസിൽ നിന്നും പിൻവലിക്കുന്നതിന്റെ ഭാഗമായി ആധുനിക സുരക്ഷാ സംവിധാനങ്ങളോടു കൂടിയ 100 പാസഞ്ചർ കപ്പാസിറ്റിയുള്ള 7 കാറ്റാമറൈൻ ബോട്ടുകളുടെയും 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 കാറ്റമറൈൻ ബോട്ടുകളുടെയും നിർമ്മാണം ആരംഭിക്കുകയും, 4 ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ച സർവീസിൽ ഉൾപ്പെടുത്തുകയും ചെയ്തു.<br><br>9) സോളാർ ബോട്ടിന്റെ പ്രവർത്തനം വിജയമായതിനെ തുടർന്ന് 5 വർഷം കൊണ്ട് 50% ബോട്ടുകൾ സോളാറിലേയ്ക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചു. |
| (ബി) | ഈ സർക്കാർ വന്ന ശേഷം പ്രസ്തുത വകുപ്പിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തിയിട്ടുള്ളതെന്നും അതിന്റെ ഫലമായുണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്തു സർവീസ് ആരംഭിച്ച സോളാർ ബോട്ടിന്റെ പ്രവർത്തനം വിജയമായതിനെ തുടർന്ന് 5 വർഷം കൊണ്ട് 50% ബോട്ടുകൾ സോളാറിലേയ്ക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചു. ഇത്തരത്തിൽ ജലഗതാഗത വകുപ്പ് നിർമ്മിച്ചു വരുന്ന വിവിധ പാസഞ്ചർ കപ്പാസിറ്റിയിലുള്ള 18 സോളാർ ബോട്ടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. പൊതുഗതാഗത രംഗത്ത് കൂടുതൽ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി എറണാകുളം മേഖലയിൽ അനുവദിച്ച ആധുനിക സൗകര്യങ്ങളോടുകൂടിയ 100 പാസഞ്ചർ കപ്പാസിറ്റിയുള്ള 7 ബോട്ടുകളിൽ 2 ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു സർവീസ് നടത്തി വരുന്നു. കൂടാതെ 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 ബോട്ടുകളിൽ ഒരു ബോട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചു വൈക്കം - തവണക്കടവ് റൂട്ടിലും സർവീസ് നടത്തി വരുന്നു. ഒരു വാട്ടർ ടാക്സി കൂടി നിർമ്മാണം പൂർത്തീകരിച്ച സർവീസിൽ ഉൾപ്പെടുത്തി. ജലഗതാഗത മേഖലയിൽ ബഡ്ജറ്റ് ടൂറിസം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാസഞ്ചർ കം ടൂറിസം സർവീസുകളും ടൂറിസം സർവീസുകളും നല്ല രീതിയിൽ നടത്തി വരുന്നു. ഇത്തരത്തിൽ വിനോദസഞ്ചാര മേഖലയിലുള്ള ജലഗതാഗത വകുപ്പിന്റെ സാന്നിദ്ധ്യം ഊട്ടിയുറപ്പിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ ഒന്നാണ് ഇന്ത്യയിലെ ആദ്യത്തെ സംരഭമായ സോളാർ ക്രൂയിസ് വെസ്സൽ - 'ഇന്ദ്ര'. ഈ ബോട്ട് പൂർണ്ണമായും ശീതീകരിച്ചതും, എല്ലാവിധ ആധുനിക സൗകര്യങ്ങളോടും, സുരക്ഷയോടും കൂടി |

| | | | |
|---|---|---|---|
| | | | ഐ.ആർ.എസ്. ക്ലാസ്സിൽ ആണ് നിർമ്മിച്ചിട്ടുള്ളത്. 3.71 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുള്ള ഇരു നിലകളുള്ള ബോട്ടിൽ ഒരു സമയം 100 യാത്രക്കാർക്ക് യാത്ര ചെയ്യുന്നതിനും, കാഴ്ചകൾ ആസ്വദിക്കുന്നതിനും സൗകര്യം ഉണ്ട്. മുകളിലത്തെ നിലയിൽ കോൺഫറൻസ് ഹാൾ ഉൾപ്പടെയുള്ള ക്രമീകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുക, പ്രവർത്തനച്ചെലവ് കുറയ്ക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി പൂർണ്ണമായും സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന തരത്തിലാണ് ഈ ബോട്ട് നിർമ്മിച്ചിട്ടുള്ളത്.<br><br>സർവീസ് മുടക്കങ്ങൾ പരമാവധി ഒഴിവാക്കുന്നുന്നതിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും സ്വദേശികൾക്കും വിദേശികൾക്കും കുറഞ്ഞ ചെലവിൽ പ്രകൃതി ഭംഗി ആസ്വദിക്കുന്നതിന് അവസരം ഒരുക്കുന്നതിനും അതുവഴി യാത്രക്കാരുടെ എണ്ണവും ജലഗതാഗത വകുപ്പിന്റെ വരുമാനവും വർദ്ധിക്കുന്നതിനും യാത്രക്കാർക്കും ജീവനക്കാർക്കും കൂടുതൽ സുരക്ഷാ ഉറപ്പ് വരുത്തുന്നതിനും പ്രവർത്തനച്ചെലവും പരിസ്ഥിതി മലിനീകരണവും കുറയ്ക്കുന്നതിനും സാധിച്ചു.<br><br>ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റ ഭാഗമായി ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുകയും ജീവനക്കാരുടെ ഹാജർ നില കൃത്യമായി പരിശോധിക്കുന്നതിനു പഞ്ചിങ് ഏർപ്പെടുത്തുകയും ചെയ്തു. ഇതുവഴി ഫയൽ നീക്കം കൂടുതൽ വേഗത്തിലാക്കുന്നതിനും ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പ് വരുത്തുന്നതിനും സാധിച്ചു. കൂടാതെ വകുപ്പിൽ നിന്നും നൽകിവരുന്ന വിദ്യാർത്ഥി - കൺസഷൻ, ഭിന്നശേഷി പാസ് എന്നീ സേവനങ്ങൾ ഓൺലൈനാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നിലവിൽ എത്ര ബോട്ടുകൾ പ്രതിദിനം സർവീസുകൾ നടത്തുന്നുണ്ടെന്നും അതിലൂടെ ശരാശരി എത്ര യാത്രികർക്ക് സുഖകരമായ യാത്ര പ്രദാനം ചെയ്യാൻ സാധിക്കുന്നുണ്ടെന്നും വിശദമാക്കാമോ; | (സി) | പാസഞ്ചർ, പാസഞ്ചർ കം ടൂറിസ്റ്റ് സർവീസുകളിലായി 55 ബോട്ടുകളും ആംബുലൻസ് സർവീസുകളിലായി 5 റസ്ക്യൂ ആൻഡ് ഡൈവ് ബോട്ടുകളും ടാക്സി സർവീസിലായി 2 ബോട്ടുകളും പ്രതിദിനം സർവീസുകൾ നടത്തുന്നു. ഇതിലൂടെ പ്രതിദിനം ശരാശരി മുപ്പതിനായിരത്തിലധികം യാത്രക്കാർ ജലഗതാഗത വകുപ്പിന്റെ സേവനം പ്രയോജനപ്പെടുത്തുന്നു. |
| (ഡി) | കായൽ ജലഗതാഗതത്തിനോടനുബന്ധിച്ച് ടൂറിസത്തിന്റെ കൂടി സാധ്യതകൾ പ്രയോജനപ്പെടുത്തി | (ഡി) | ജലഗതാഗത വകുപ്പിന് കീഴിൽ കൊല്ലം , ആലപ്പുഴ എന്നിവിടങ്ങളിൽ നടപ്പിലാക്കിയ മാതൃകയിൽ ബോട്ട് |

| | |
|---|---|
| ആവശ്യമായ ക്രമീകരണങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ? | യാത്ര ടൂറിസം പദ്ധതി മറ്റു സ്ഥലങ്ങളിൽ കൂടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. വിനോദസഞ്ചാര മേഖലയിലുള്ള ജലഗതാഗത വകുപ്പിന്റെ സാന്നിദ്ധ്യം ഊട്ടിയുറപ്പിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ സോളാർ ക്രൂയിസ് വെസ്സൽ- 'ഇന്ദ്ര'. ഐ.ആർ.എസ്.ക്ലാസ്സിൽ 3.71 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ബോട്ട് എറണാകുളം മേഖലയിൽ സർവീസ് നടത്തി വരുന്നു. കൂടാതെ ഒരു സ്റ്റീൽ ബോട്ടുപയോഗിച്ച പറശ്ശിനിക്കടവ് സ്റ്റേഷനിൽ നിന്നു പാസഞ്ചർ കം ടൂറിസം സർവീസും വാട്ടർ ടാക്സികൾ ഉപയോഗിച്ച് മുഹമ്മ, പറശ്ശിനിക്കടവ് എന്നിവിടങ്ങളിലും സർവീസുകൾ നടത്തി വരുന്നു.<br><br>ടൂറിസം സർവീസുകൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ടൂറിസം സാധ്യതകൾക്ക് പ്രാധാന്യം നൽകി ആധുനിക സൗകര്യങ്ങളോടു കൂടിയ സോളാർ ഇലക്ട്രിക്ക് ബോട്ടുകൾ നിർമ്മിക്കുന്നുണ്ട്. ഇതിലേക്ക് 20പേർക്ക് യാത്രചെയ്യാവുന്ന സോളാർ ഇലക്ട്രിക്ക് എ.സി ബോട്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ 10 പാസഞ്ചർ കപ്പാസിറ്റിയുള്ള വാട്ടർ ടാക്സി (1 എണ്ണം), 120 പാസഞ്ചർ കപ്പാസിറ്റിയുള്ള (40 AC + 80 NON AC) പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ട് (2 എണ്ണം ) എന്നിവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. 10 പാസഞ്ചർ കപ്പാസിറ്റിയുള്ള 5 ഡിങ്കി ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ടൂറിസം വകുപ്പുമായി ചേർന്നുള്ള ജല ടൂറിസം പദ്ധതികൾ കൂടി പരിഗണനയിൽ ഉണ്ട്. കൊല്ലം , ആലപ്പുഴ , എറണാകുളം , മലബാർ മേഖലയിലെ കോഴിക്കോട് , കണ്ണൂർ , കാസർകോഡ് ജില്ലകൾ കേന്ദ്രീകരിച്ച വിവിധ ബജറ്റ് ടൂറിസം പദ്ധതികൾ ആണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. കൊല്ലം - ആലപ്പുഴ , ആലപ്പുഴ - എറണാകുളം ക്രൂയിസ് സർവീസ് , കായിപ്പുറം - പാതിരാമണൽ ഫെറി ടൂറിസം , കോട്ടയത്ത് നിന്നും വേഗ ക്രൂയിസ് സർവീസ് , എക്സ്പ്ലോർ ആലപ്പുഴ കനാൽ ടൂറിസം , ബേപ്പൂർ - ചാലിയം ക്രൂയിസ് സർവീസ് , മൺറോതുരുത് വില്ലേജ് ടൂറിസം സർവീസ്, ഫ്ളോട്ടിങ് റെസ്റ്റോറന്റ് ബോട്ട് സർവീസ്, വാട്ടർ ബസ്/ ആംഫീബിയൻ ബോട്ട് സർവീസ്, ഡിന്നർ ക്രൂയിസ് സർവീസ് ,പെരുമ്പളം - കാക്കാത്തുരുത് വില്ലേജ് ടൂറിസം സർവീസ്, എറണാകുളം - വരാപ്പുഴ വില്ലേജ് ക്രൂയിസ്, തൃക്കരിപ്പൂർ -കവ്വായി ടൂറിസം സർവീസ്, പറശ്ശിനിക്കടവ് - മുനമ്പ് കടവ് ടൂറിസം സർവീസ്, കവ്വായി - മാൻഗ്രോവ് ടൂറിസം സർവീസ്, തൃക്കരിപ്പൂർ -കോട്ടപ്പുറം ക്രൂയിസ് സർവീസ് എന്നിവയാണ് |

| | | | |
|---|---|---|---|
| | | | ജലഗതാഗത വകുപ്പിന്റെ പരിഗണനയിലുള്ള വിവിധ പദ്ധതികൾ. |

സെക്ഷൻ ഓഫീസർ